"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.വിവേക് മാത്യു, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക് സർജറി) - ബഹു:ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.1026/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 30.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2629/2023/H&FWD തീയതി,തിരുവനന്തപുരം, 11-10-2023

---

പരാമർശം:- 1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം

2. ഡോ.വിവേക് മാത്യു, ജൂനിയർ കൺസൽട്ടന്റ് സമർപ്പിച്ച 20.06.2023 തീയതിയായ അപ്പീൽ (Annexure A7)

3. OA(EKM) No.1026/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 30.06.2023-ലെ ഉത്തരവ്

4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റുമാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടും പരിഗണിക്കാതിരുന്നതിനെതിരെ ഓർത്തോപീഡിക് സർജറി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.വിവേക് മാത്യു ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.1026/2023 കേസ് ഫയൽ ചെയ്യുകയും ഉണ്ടായി. പരാമർശം (3) ഉത്തരവ് പ്രകാരം അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് രണ്ട്

491762

GOVERNMENT OF KERALA 2017-18

മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകനെ നേരിൽ കേൾക്കുകയും ടിയാൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3) അപ്പീൽ അപേക്ഷ ചുവടെ പറയും പ്രകാരമാണ്:

ഉപരി പഠനത്തിന് ശേഷം 15.02.2022-ൽ പൊതുസ്ഥലംമാറ്റ ഉത്തരവിന് വിധേയമായി ചിറയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ചു. 17.06.2022-ൽ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി. അപേക്ഷിക്കാതെയുള്ള സ്ഥലംമാറ്റം ആയതിനാൽ നിർബന്ധിത സ്ഥലംമാറ്റമായി കണ്ട് 2023 പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്റ്റേഷനുകളിൽ അപേക്ഷിച്ചെങ്കിലും സ്ഥലംമാറ്റം ലഭിച്ചില്ല. സ്പൈൻ സർജനാണ്. 2011-ൽ ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തിരുവനന്തപുരം സ്വദേശിയായ ടിയാൾക്ക് ചിറയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തിരുന്ന 4 മാസം മാത്രമാണ് തിരുവനന്തപുരം ജില്ലയിൽ നിയമനം ലഭിച്ചിരുന്നതെന്നും ആയതിനാൽ തിരുവനന്തപുരം ജില്ലയിൽ നിയമനം അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

4) കമ്മിറ്റി ടി വിഷയം പരിശോധിക്കുകയുണ്ടായി. അപേക്ഷകൻ നിലവിൽ ആഴ്ചയിൽ മൂന്നു ദിവസം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജോലി ചെയ്തു വരുന്നുണ്ട്. 2011-ൽ സർവ്വീസിൽ വന്നിട്ട് ഹോം സ്റ്റേഷനിൽ വെറും 4 മാസം മാത്രമേ ജോലി ചെയ്തിട്ടുള്ളൂ എന്നുള്ള അപേക്ഷകന്റെ അപേക്ഷ കണക്കിലെടുത്ത്, നിലവിൽ തിരുവനന്തപുരം ജില്ലയിൽ ഓർത്തോപീഡിക് സർജറി വിഭാഗത്തിൽ ഒഴിവ് നിലവിലില്ലാത്തതിനാൽ ജില്ലയിൽ പ്രസ്തുത തസ്തികയിൽ തൊട്ടടുത്തുണ്ടാകുന്ന

ഒഴിവിൽ ടിയാനെ പരിഗണിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു..

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് തിരുവനന്തപുരം ജില്ലയിൽ ഓർത്തോപീഡിക് സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിലേക്ക് അപേക്ഷകന്റെ അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.1026/2023-മേലുള്ള 30.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം / എറണാകുളം.
Dr.Vivek Mathew, Junior Consultant (Orthopaedic Surgery), Indeevaram, Next to Mullakuzhy Canal Bridge, Chunangamveli, Erumathala.P.O., Aluva, Ernakulam - 683 112.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 11-10-2023 12:52:43

മേലെഴുത്ത് നം: ഇ.എ1 - 5160/2023/ആ.വ.ഡ, തീയതി 12.10.2023.
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Thy. S.
ആ.വ.ഡയ്ക്ക് വേണ്ടി

491765